# അച്ചടി മാധ്യമങ്ങൾ അവസാനിക്കുമോ?

• സ്നേമ്യ മാഹിൻ

**ടെക്നോളജിയുടെ വികാസം നമ്മുടെ ജീവിത പരിസരങ്ങളെ അടിമുടി മാറ്റുമ്പോൾ അച്ചടി മാധ്യമങ്ങളും അതിൽനിന്ന് മുക്തമല്ല**




"ബ്രിട്ടനിലെ ആദ്യകാല ദേശീയദിനപ്പത്രമായ 'ദി ഇൻഡിപെൻഡന്റ്' അച്ചടി നിർത്തുന്നു. ഇനി മുതൽ ഓൺലൈനിൽ മാത്രമാകും പത്രം വായിക്കാൻ കിട്ടുക.'' 2016 മാർച്ച് 26. ലോകമെമ്പാടുമുള്ള അച്ചടിമാധ്യമസമൂഹം അന്ന് ഉറക്കമുണർന്നത് ഞെട്ടിക്കുന്ന ഈ വാർത്ത കേട്ടുകൊണ്ടാണ്. ഓൺലൈൻ പത്രങ്ങൾ വന്നതോടെ ഇനി അച്ചടിമാധ്യമങ്ങൾ ഇല്ലാതാകുമെന്നത് സത്യം തന്നെ എന്നവർക്ക് തോന്നി. ഇൻഡിപെൻഡന്റിന്റെ തകർച്ച കണ്ടതോടെ ആ ചിന്തക്ക് ആക്കം കൂടി.




▸▸ സമുദ്ര മൽസ്യങ്ങളിൽ നിന്ന് ലഭിക്കുന്ന മൂലകം– അയഡിൻ




‘ന്യൂയോർക്ക് ടൈംസ്,’ ‘ഹിന്ദുസ്ഥാൻ ടൈംസ്’ തുടങ്ങി ദേശീയ-അന്തർദേശീയ പത്രങ്ങൾ അടക്കം മിക്കവാറും പത്രങ്ങളും ഈ ഭീഷണി നേരിടുന്നുണ്ട്. ഇവയിൽ ചില മാധ്യമങ്ങൾ ടെലിവിഷൻ രംഗത്തേക്ക് ഇറങ്ങുകയും ചിലവ ഓൺലൈനിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു.

നവമാധ്യമങ്ങളുടെയും ഓൺലൈൻ മാധ്യമങ്ങളുടെയും വരവോടെ പ്രതിസന്ധിയിലായത് വർത്തമാനപ്പത്രങ്ങളാണ്. വാർത്തകൾ നിമിഷങ്ങൾക്കകം വിരൽത്തുമ്പിൽ കിട്ടുമ്പോൾ അച്ചടി മാധ്യമങ്ങൾ പരമ്പരാഗത മാധ്യമങ്ങളെന്ന നിലയിൽ പിന്തള്ളപ്പെടുന്നു. ടെലിവിഷൻ ചാനലുകളാകട്ടെ തങ്ങളുടെ പരസ്യദാതാവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് വാർത്തകൾ നൽകുകയും തമസ്കരിക്കുകയും ചെയ്യുന്നു. ഇവിടെയാണ് ഫേസ്ബുക്കും ട്വിറ്ററുമൊക്കെ പ്രവർത്തിക്കുന്നത്. സോഷ്യൽമീഡിയ അരങ്ങു വാഴുന്ന ഇക്കാലത്ത് പത്രങ്ങൾ തള്ളിക്കളയുന്ന വാർത്തകൾ വൻ പ്രാധാന്യത്തോടെ ഓൺലൈനിൽ ചർച്ചയാവുന്നു.

പരമ്പരാഗത പത്രപ്രവർത്തനത്തെക്കാൾ കൂടുതൽ സജീവമാകുന്നു എന്നതാണ് ഓൺലൈൻ പത്രപ്രവർത്തനത്തിന്റെ പ്രത്യേകത. വായനക്കാർക്ക് അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ അത് അവസരമൊരുക്കുന്നു. 2006-ൽ കാർണഗി കോർപറേഷൻ നടത്തിയ സർവേയിൽ ലോകത്ത് 18-നും 34-നുമിടയിൽ പ്രായമുള്ളവരിൽ 25 ശതമാനം മാത്രമേ പരമ്പരാഗത പത്രങ്ങൾ വായിക്കുന്നുള്ളൂ. അതിൽ തന്നെ 9 ശതമാനം മാത്രമേ ഇത്തരം പത്രങ്ങളിൽ വരുന്ന വാർത്തകൾ വിശ്വാസയോഗ്യമാണെന്ന് കരുതുന്നുള്ളൂ.

**കേരളത്തിലെ ആദ്യത്തെ വാർത്താ ചാനൽ: ഇന്ത്യാവിഷൻ**

യുവതലമുറയെ ഓൺലൈൻ ജേണലിസം എത്രമാത്രം സ്വാധീനിച്ചുവെന്നുള്ളതിന്റെ തെളിവാണിത്. ഇന്ത്യയിലടക്കം മുഖ്യധാരാ പത്രമാധ്യമങ്ങളെല്ലാം തന്നെ ഓൺലൈനുകളിലേക്ക് വ്യാപിപ്പിച്ചു കഴിഞ്ഞു. അച്ചടിമാധ്യമങ്ങൾക്ക് മുന്നോട്ടുള്ള യാത്രയിൽ നിലനിൽപ്പില്ല എന്ന തിരിച്ചറിവാകാം ഇതിനു കാരണം.

1959-ലാണ് ഇന്ത്യയിലേക്ക് ടെലിവിഷൻ കടന്നുവരുന്നത്. അന്നു വരെ പത്രം വായിച്ചു വാർത്തകൾ മനസ്സിലാക്കിയവർ ടെലിവിഷനിൽ തൽസമയ സംപ്രേഷണം കണ്ട് അത്ഭുതപ്പെട്ടു. അന്നന്നത്തെ വാർത്തകൾ അന്നു വൈകുന്നേരം തന്നെ ചുരുക്കിയെങ്കിലും അറിയാൻ കഴിഞ്ഞു. പിന്നീട്

▸▸ സ്റ്റെതസ്കോപ്പ് കണ്ടുപിടിച്ചത് – റെനെ ലെനക്ക്

വാർത്തകളുടെ രീതിയും സ്വഭാവവും മാറി. മുമ്പ് തത്സമയ വാർത്താചാനൽ എന്നത് ആർക്കും സങ്കൽപിക്കാൻ കഴിഞ്ഞിരുന്നില്ല. ആദ്യം നിലവിൽ വന്ന 15-20 മിനിറ്റോളം നീണ്ടുനിൽക്കുന്ന വാർത്താ പ്രക്ഷേപണരീതിയെ തത്സമയവാർത്തകൾ പൊളിച്ചു. ലൈവായി വാർത്തകൾ കാണാമെന്നുള്ള സവിശേഷത ഉണ്ടായിട്ടും അച്ചടിമാധ്യമങ്ങളുടെ പ്രതാപത്തിന് കോട്ടം തട്ടിയിരുന്നില്ല.

**ഇന്ത്യയിൽ ആദ്യം ടെലിവിഷൻ സംപ്രേഷണം ചെയ്തത് 1959-ൽ ദൂരദർശൻ**

കേരളത്തിലാകട്ടെ പത്രസ്ഥാപനങ്ങളെല്ലാം തന്നെ പത്രങ്ങളോടൊപ്പം ചാനലുകളും ആരംഭിച്ചു. ദൃശ്യമാധ്യമസംസ്കാരത്തിന് പത്രമാധ്യമസംസ്കാരത്തിനൊപ്പം തന്നെ ഇടം നേടാൻ കഴിഞ്ഞെങ്കിലും അവയൊന്നും പരമ്പരാഗതമാധ്യമങ്ങൾക്ക് ഭീഷണിയുയർത്തിയിരുന്നില്ല. ഒരിടത്തു നിന്ന് അച്ചടിച്ച് വായനക്കാരിലേക്ക് എത്തിക്കുന്ന ഇത്തരം മാധ്യമങ്ങൾക്ക് പല തരത്തിലുള്ള പരാധീനതകളുണ്ട്. കോഴിക്കോടു നിന്നോ തിരുവനന്തപുരത്തു നിന്നോ പ്രസിദ്ധീകരിക്കുന്ന നമ്മുടെ ദിനപ്പത്രങ്ങൾ വായനക്കാരിൽ എത്തുന്നത് അച്ചടിച്ച പ്രസ്സിൽ നിന്നും ഏതെങ്കിലും വാഹനത്തിൽ കയറ്റിക്കൊണ്ടുവന്നു പ്രാദേശികമായി വിതരണം ചെയ്താണ്. വിദേശത്തു നിന്നുമുള്ള പ്രസിദ്ധീകരണമാണെങ്കിൽ കാലതാമസം എത്രത്തോളം വരുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഈ സാഹചര്യത്തിലാണ് നവമാധ്യമം എന്ന പുത്തൻ ആശയവിനിമയ സംവിധാനത്തിന്റെ പ്രസക്തി. വേഗതയും കൃത്യതയും സമഗ്രതയുമുള്ള ആശയവിനിമയത്തിനുള്ള ആഗ്രഹമാണ് ഇന്റർനെറ്റിന്റെ കാലത്ത് പുത്തൻസാദ്ധ്യതകൾ ഉപയോഗിക്കാൻ പ്രേരണ നൽകിയത്.

2006-07 ഓടു കൂടിയാണ് സോഷ്യൽമീഡിയ ലോകത്തെ പിടിമുറുക്കാൻ തുടങ്ങിയത്. ബ്ലോഗ്, ഓർക്കൂട്ട്, ഫേസ്ബുക്ക്, ടിറ്റർ, ഗൂഗിൾ പ്ലസ് തുടങ്ങി ജനപ്രിയ സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളും ഫോട്ടോ ഷെയറിംഗിന് മാത്രമായുള്ള ഇൻസ്റ്റഗ്രാം, യൂ ട്യൂബ്, മൊബൈൽ ചാറ്റ് ആപ്, വാട്സ് ആപ്



▸▸ ഏറ്റവും ഘ്രാണ ശക്തിയുള്ള ജീവി- സ്രാവ്




എന്നിങ്ങനെ സോഷ്യൽ മീഡിയ സൈറ്റുകളുടെ രൂപത്തിലും ഭാവത്തിലും വ്യത്യാസം ഉള്ള പലതരം നെറ്റ്‌വർക്ക് സൈറ്റുകൾ ഇന്ന് ലോകമെങ്ങും ഏതു പ്ലാറ്റ്ഫോമുകളിലും നിങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാണ്. അങ്ങനെ സൈബർ ലോകമെന്ന പുതുലോകം പിറവിയെടുത്തു.

നെറ്റിസൺസ് ജേണലിസം, മൊബൈൽ ജേണലിസം എന്നിങ്ങനെ പത്രപ്രവർത്തനത്തിന്റെ പുതുസാധ്യതകൾ സൈബർയുഗം പുറത്തുകൊണ്ടുവന്നു. വാർത്തകളും വീഡിയോകളും ചിത്രങ്ങളും എല്ലാം ഒരൊറ്റ ആപിൽ തന്നെ ലഭിക്കുകയും ചർച്ചകളും ഇവന്റുകളും എല്ലാം സംഘടിപ്പിക്കുവാനും കഴിയുന്ന ഏറ്റവും ലളിത മായ പ്ലാറ്റ്ഫോം എന്നു വേണമെങ്കിൽ ഫേസ്ബുക്കിനെ വിശേഷിപ്പിക്കാം.

ലോകത്ത് എവിടെ നിന്നും, എപ്പോൾ വേണമെങ്കിലും തങ്ങളുടെ ആശയ ആവശ്യങ്ങൾ തത്സമയം വിളിച്ചുപറയുവാനുള്ള ഒരു ലോകമായി ഫേസ്ബുക്ക്. ഇന്നത്തെ തലമുറ വാർത്തകൾക്കായി കൂടുതലും സമീപിക്കുന്നത് ഫേസ്ബുക്കിനെയാണ്. ആർക്ക് വേണമെങ്കിലും ജേണലിസ്റ്റാകാം. ലൈവിൽ വന്ന് വാർത്തകൾ സൃഷ്ടിക്കാം. ഇത് ഗുണത്തോടൊപ്പം തന്നെ ദോഷവും സൃഷ്ടിക്കുന്നുണ്ട്. സ്ഥിരീകരിക്കാത്ത വ്യാജവാർത്തകൾ കണ്ണുമടച്ച് ഷെയർ ചെയ്ത് ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ ഇതിടയാക്കുന്നു.

ഓൺലൈൻ മാധ്യമങ്ങൾ ആദ്യം പുറത്തുവന്നത് പത്രങ്ങളായിട്ടല്ല, മാഗസിനുകൾ ആയിട്ടാണ്. 1984ൽ 'കൾട്ട് ഓഫ് ദ ഡൗ' എന്ന വെബ് മാഗസിൻ അമേരിക്കയിൽ പിറവിയെടുത്തു. സിഡിസി കമ്യൂണിക്കേഷൻ എന്ന സംഘടനയുടേതായിരുന്നു അത്. തുടർന്ന് 1985-ൽ 'ഫ്രാക്ക്' പുറത്തിറങ്ങി. തുടർന്ന് 'കഫേനിയോ', 'തീംസ്ട്രീം' തുടങ്ങി നിരവധി വെബ്സിനുകൾ. അന്നുവരെ ഇറങ്ങിയ പ്രിന്റഡ് മാഗസിനുകളുടെ അതേ രീതിയിലാണ് വെബ്സിനുകളും പുറത്തിറങ്ങിയത്. ലോകത്തിലെ ആദ്യത്തെ ഓൺലൈൻ ഒൺലി പത്രം ഇറങ്ങിയത് യു കെയിൽ പ്രാദേശിക വീക്കിലി ആയാണ്.

പി. സി. ബി. റ്റി എന്ന കമ്പനിയുടെ പത്രാധിപത്യത്തിൽ പുറത്തുവന്ന ഇതിന്റെ പേര്, 'സൗത്ത് പോർട്ട് റിപ്പോർട്ടർ' എന്നായിരുന്നു. വാർത്താ പ്രാധാന്യമുള്ള ഒരു ഓൺ

**ഇന്ത്യയിൽ ആദ്യമായി ഡിജിറ്റൽ എഡിഷൻ ആരംഭിച്ച പത്രം: ദി ഹിന്ദു**





▸▸ **കരയിൽ ഏറ്റവും ഘ്രാണ ശക്തിയുള്ള ജീവി- നായ**

ലൈൻ വെബ്സൈറ്റ് തുടങ്ങണമെന്ന പാട്രിക്ക് ട്രൊല്ലോപ്പിന്റെ ആഗ്രഹം സൗത്ത് പോർട്ട് റിപ്പോർട്ടറിനെ പ്രശസ്തിയിലെത്തിച്ചു. വളരെ പെട്ടെന്നു തന്നെ ഈ പത്രം നാഷനൽ യൂണിയൻ ഓഫ് ജേണലിസ്റ്റുകളുടെ ഇടയിൽ അറിയപ്പെട്ടു. പിന്നീടിങ്ങോട്ടിറങ്ങിയ ഓൺ ലൈൻ ന്യൂസ് പേപ്പറുകൾക്ക് കൈയും കണക്കുമില്ല.


കേരളത്തിൽ ഓൺലൈൻ വായനാ സംസ്കാരത്തിന് തുടക്കമിട്ടത് പുഴ ഡോട്ട്കോമിലൂടെയാണ്. കെ.എൽ മോഹനവർമ്മയുടെ പത്രാധിപത്യത്തിൽ കുറച്ചു പ്രവാസി മലയാളികൾ ആരംഭിച്ചതാണ് പുഴ ഡോട്ട്കോം. പിന്നീട് അയനം, മൂന്നാമിടം തുടങ്ങിയവയും വന്നു. ഗൾഫ് സുഹൃത്തുക്കളുടെ കൂട്ടായ്മയിൽ പബ്ലിഷ് ചെയ്യപ്പെട്ട മൂന്നാമിടം എന്ന പുസ്തകത്തിന്റെ പേരാണ്, അവർ തുടങ്ങിയ ഇലക്ട്രോണിക് മാഗസിനും നൽകിയത്. അങ്ങനെയാണ് മൂന്നാമിടം എന്ന ഇ-ജേണലിന്റെ പിറവി.

വാർത്തകളുടെ പുതുമ ചോരാതെ ലഭിക്കുന്നു എന്നതാണ് ഓൺലൈൻ ന്യൂസ് പോർട്ടലുകളുടെ പ്രത്യേകത. നിമിഷം തോറും അപ്ഡേറ്റ് ചെയ്യാനും, തെറ്റു പറ്റിയാൽ എഡിറ്റ് ചെയ്ത് തിരുത്താനുമുള്ള സൗകര്യമുണ്ട്. തെറ്റിദ്ധാരണയുളവാക്കുന്ന വാർത്തകൾ ഉടൻ തന്നെ പിൻവലിക്കുകയും ചെയ്യാം. ന്യൂസ് സൈറ്റുകളിൽ വിദേശം, പ്രാദേശികം, ഇന്ത്യ, കേരളം, ഫീച്ചറുകൾ എന്നിവക്കും വ്യത്യസ്ത വകുപ്പുകൾ ഉണ്ട്.




*മാധ്യമം ഓൺലൈൻ ആൻഡ്രോയിഡ് ആപ്*

മനോരമ, മാതൃഭൂമി, മാധ്യമം, ദീപിക, ദേശാഭിമാനി തുടങ്ങിയ പ്രമുഖ പത്രങ്ങൾക്കെല്ലാം അതിന്റെ ഓൺലൈൻ പതിപ്പുകൾ ഉണ്ട്. ഡി സി ബുക്സിന്റെ വെബ്സൈറ്റ്, ഇന്ദുലേഖ ഡോട്ട്കോം, പുഴ ഡോട്ട്കോമിന്റെ പോർട്ടൽ എന്നിവ പോർട്ടൽ വിഭാഗത്തിൽ പെടുന്നവയാണ്. കഥകളും കവിതകളും ഉൾപ്പെട്ട സാഹിത്യ ലോകമാണ് മാഗസിന്റേതെങ്കിൽ അവയിൽ നിന്നും വ്യത്യസ്തമായി എല്ലാ മേഖലകളെയും തൊട്ടു പോകുന്ന രീതിയാണ് പോർട്ടലുകൾക്കുള്ളത്.




*ഇന്ദുലേഖ ഡോട്ട്കോമിന്റെ ഹോംപേജ്*

പുസ്തകങ്ങൾക്കായി തുടങ്ങിയ ഒരു പോർട്ടലാണ് ഇന്ദുലേഖ ഡോട്ട്കോം. ലിംകാ ബുക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയ പോർട്ടൽ കൂടിയാണ് ഇന്ദുലേഖ. പുസ്തകങ്ങൾ കൂടാതെ സിനിമയെ കുറിച്ചും ഫാഷനെ കുറിച്ചും

വാസ്തുവിനെക്കുറിച്ചുമുള്ള വിഭാഗങ്ങളും ഇതിലുണ്ട്. ഇതുപോലെ നിരവധി പോർട്ടലുകൾ ഇപ്പോൾ മലയാളത്തിലുണ്ട്.

പോർട്ടലുകളുടെ പ്രചാരം വർദ്ധിച്ചതോടെ ആർക്കു വേണമെങ്കിലും ന്യൂസ് പോർട്ടൽ ആരംഭിക്കാമെന്ന സ്ഥിതിയായി. വിരൽത്തുമ്പിലൂടെ വന്നെത്തുന്ന വാർത്താ ലോകം ആളുകൾക്കും സൗകര്യമായി. ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ ദിനംപ്രതി വർദ്ധിച്ചു. പണം കൊടുത്തും സൗജന്യമായും ലഭിക്കാവുന്ന പ്രസിദ്ധീകരണങ്ങളുണ്ട്. അച്ചടി മാസികയിൽ നിന്നും ഓൺലൈൻ മാസികകൾക്കുള്ള വ്യത്യാസം ടെക്നോളജികൾ ഉപയോഗിക്കാം എന്നതാണ്. ഉദാഹരണത്തിന്, മാതൃഭൂമിയിലോ ഭാഷാപോഷിണിയിലോ ഒരു കവിത നമുക്ക് വായിക്കാൻ സാധിച്ചേക്കും, പക്ഷേ ഓൺലൈൻ മാധ്യമത്തിൽ മൾട്ടിമീഡിയയുടെ സാദ്ധ്യതകൾ ഉപയോഗിച്ച് ആ കവിത വായനക്കാരെ ചൊല്ലിക്കേൾപ്പിക്കാൻ കഴിയും. ഹരിതകം ഡോട്ട് കോം ഈ ടെക്നോളജി ഉപയോഗിക്കുന്ന മാഗസിനാണ്. കണിക്കൊന്ന ഡോട്ട് കോം മാഗസിൻ ഉൾപ്പെടെ പലരും യൂട്യൂബ് വീഡിയോകളും മറ്റും ഇതിലൂടെ ഉപയോഗിക്കാറുണ്ട്. മനോരമയുടെ ആഴ്ചപ്പതിപ്പിന്റെ

**മലയാളത്തിലെ ആദ്യത്തെ ഓൺലൈൻ പോർട്ടൽ:**
malayalam.indiainfo.com
(ഇപ്പോൾ malayala.webdunia.com)

ഓൺ ലൈൻ വിഭാഗത്തിൽ കാർട്ടൂണുകളൊക്കെ ആനിമേഷൻ രൂപത്തിൽ കേൾക്കുന്ന രീതിയാണ് അവതരിപ്പിച്ചിട്ടുള്ളത്. കൂടാതെ അവരുടെ ബാലരമ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലും ഈ സൗകര്യം ലഭ്യമാണ്.

ഓൺലൈൻ മാധ്യമ ലോകം വളർന്നുകൊണ്ടിരിക്കുകയാണ്, അനേകം പുതിയ സാദ്ധ്യതകൾ അത് പുതിയ തലമുറക്കു മുന്നിൽ തുറന്നിടുന്നുണ്ട്. കഥകൾ ക്കും കവിതകൾക്കും ലേഖനങ്ങൾക്കും പുറമെ വായനക്കാർക്ക് കരിയർ ഉൾപ്പെടെയുള്ള സേവനകൾ നൽകുന്ന മാസികകളും ഉണ്ട്. എന്തായാലും അച്ചടിയെക്കാൾ സാദ്ധ്യതകൾ ഒരുപാടുള്ള ഓൺലൈൻ മാഗസിനുകളും ന്യൂസ് പോർട്ടലുകളും വായനാ ലോകത്ത് ഇനിയും വിപ്ലവങ്ങൾ സൃഷ്ടിച്ചേക്കാം.

ടെക്നോളജി മാറിവരുന്നതിനനുസരിച്ച് ഓൺലൈൻ മാഗസിനുകളും മാറിയേക്കാം. ബ്ലോഗ് ഉയർത്തിവിട്ട തരംഗം ഇപ്പോഴും അതുപോലെ നിലനിൽക്കുന്നുവെങ്കിലും ഫേസ്ബുക്ക് പോലെയുള്ള സോഷ്യൽ നെറ്റ്‌വർക്കിങ്ങ് സൈറ്റുകൾ ഉയർത്തിയ വിപ്ലവങ്ങൾ നിലനിർത്തിക്കൊണ്ടു തന്നെ ഈ നവമാധ്യമങ്ങൾ വളർച്ച തേടുകയാണ്. നാളത്തെ മാധ്യമലോകം ഉറ്റുനോക്കുന്ന ഒരുപാട് മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മാധ്യമ പ്രവർത്തന ക്ലാസുകളിൽ പോലും വെബ് ജേണലിസം ഒരു വിഷയമായിത്തീർന്നിരിക്കുന്നു. 20 വർഷം കൂടി കഴിഞ്ഞാൽ കടലാസുപത്രത്തിനു പകരം ഫോണിലോ ടാബ്ലറ്റിലോ കട്ടൻകാപ്പിക്കൊപ്പം പത്രം വായിക്കുന്ന മലയാളിയെ കാണാം.




▸▸ കാൽമുട്ടു ചിരട്ടയുടെ ശാസ്ത്രീയ നാമം– പാറ്റെല്ല